**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** | **24-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ പ്രതീക്ഷിത വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; | (എ) | 2022-23 വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ഫീസിനത്തിൽ പ്രതീക്ഷിച്ച വരുമാനം 4687.41 കോടി ആയിരുന്നു. എന്നാൽ 6216.71 കോടി രൂപ ഈയിനത്തിൽ ലഭിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ്/രജിസ്ട്രേഷൻ ഡ്യൂട്ടിയിനത്തിലെ പ്രതീക്ഷിത വരുമാനം 6111.79 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 5695 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ വരുമാനത്തിലുണ്ടായ കുറവിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പുറത്തു വന്നതിനു ശേഷം മാത്രമേ വിലയിരുത്തൽ സാധ്യമാകൂ. |
| (സി) | ഭൂമിയുടെ ന്യായവിലയിൽ ഇരുപത് ശതമാനം വർദ്ധനവ് വരുത്തിയ നടപടി വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ടോയെന്നറിയിക്കാമോ; | (സി) | ഭൂമിയുടെ ന്യായവിലയിൽ 20 ശതമാനം വർദ്ധനവ് വന്നത് വരുമാന നഷ്ടത്തിന് കാരണമായതായി വിലയിരുത്താനാകില്ലെന്ന് കാണുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ ചെലവിന് അനുസൃതമായി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജിതമായ നടപടികൾ 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മോട്ടോർ വാഹനം, എക്സൈസ്, ജി.എസ്.ടി, രജിസ്ട്രേഷൻ, റവന്യൂ എന്നീ വകുപ്പുകളിലേയും വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ് എന്നീ ഇനങ്ങളിലെ നിരക്ക് വർദ്ധനവിലൂടെയും സ്മാപ്പിംഗ് നയം കാര്യക്ഷമമായി രൂപപ്പെടുത്തി നടപ്പിലാക്കുന്നതിലൂടേയും 2024-25 സാമ്പത്തിക വർഷം അധിക വരുമാനം സമാഹരിക്കുവാൻ ലക്ഷ്യമിട്ട് കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. നിലവിലെ സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന ധനകാര്യ മാനേജ്മെന്റിന് വേണ്ട |

| | | | |
|---|---|---|---|
| | | | ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുണ്ട്. നികുതി പിരിവ് ഊർജിതപ്പെടുത്തിയും സാമൂഹ്യ ക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ട് വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്ക് അകത്ത് നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനക്കമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുക എന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കുവാനുള്ള ശ്രമം തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ